അനുവദിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ മൂലധനച്ചെലവിലധിഷ്ഠിതമായ വായ്പ ലഭ്യമാക്കുന്നതിന് 12-7-2021-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ മൂലധനചെലവ് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ, മൂലധനച്ചെലവ് വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ റവന്യൂ ശീർഷകത്തിൽ ചെലവഴിക്കുന്ന മൂലധനാധിഷ്ഠിതമായ പ്രവൃത്തികൾ മൂലധന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും കൈക്കൊണ്ടു വരുകയാണ്.

സ്കൂൾ നിർമ്മാണ പദ്ധതികൾ

68(3499) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സ്കൂളുകളുടെ നിർമ്മാണത്തിന് ഒരു കോടി രൂപ വീതം കിഫ്ബി വഴി അനുവദിച്ചതിൽ എത്ര പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള സ്കൂളുകളിൽ 330 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

(ബി) സാങ്കേതികാനുമതി ലഭിച്ച പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്കായി ശിപാർശ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റ് വീണ്ടും പരിശോധന നടത്തി ഭേദഗതിക്ക് ശിപാർശ ചെയ്യുന്ന പ്രക്രിയ കിഫ്ബിയിൽ നിലവിലില്ല. എന്നാൽ ഇൻസ്പെക്ഷൻ അതോറിറ്റിയിൽ നിക്ഷിപ്തമായ നിയമപരമായ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് ഏതു ഘട്ടത്തിലും നടത്തുന്ന സാങ്കേതിക പരിശോധനകളുടെ ഭാഗമായി കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി പദ്ധതികളിൽ അനുയോജ്യമായ മാറ്റം വരുത്തുവാൻ എസ്. പി. വി.-കൾക്ക് നിർദ്ദേശം നൽകാറുണ്ട്.

(സി) സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം ടെണ്ടർ ചെയ്ത പ്രവൃത്തിയുടെ കരാർ വച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; സാങ്കേതികാനുമതി ലഭിച്ച എത്ര പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

നിലവിലുള്ള കെട്ടിടങ്ങളിൽ ചിലത് പൊളിക്കുന്നതിൽ വന്നിട്ടുള്ള സാങ്കേതിക തടസംമൂലമുള്ള കാലതാമസവും ചില സ്കൂളുകൾ കോവിഡ് സെന്റർ ആയതിനാലും കരാർ വച്ച ചില പ്രവൃത്തികൾക്ക് തടസ്സമുണ്ടെന്നും സാങ്കേതികാനുമതി ലഭിച്ച 147 പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭിക്കാത്തതിനാലും എഗ്രിമെന്റ് വയ്ക്കുന്നതിന് മുൻപ് വീണ്ടും എസ്റ്റിമേറ്റ് പരിശോധിക്കുന്ന സ്ഥിതിയുള്ളതിനാലും പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഭരണാനുമതി ലഭിച്ച 446 പ്രവൃത്തികളിൽ 41 എണ്ണം കവറേജ് പ്രശ്നങ്ങൾ പോലുള്ള വിവിധ കാരണങ്ങളാൽ നടപ്പിലാക്കാൻ സാധിക്കുന്നതല്ലെന്നും, കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള 398 സ്കൂളുകളിൽ 330 സ്കൂളുകൾക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുള്ളതായും സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുന്നതിന് മുൻപ് എസ്റ്റിമേറ്റ് വീണ്ടും പരിശോധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കില അറിയിച്ചിട്ടുണ്ട്.

സ്കൂളുകളിൽ കിഫ്ബി ഫണ്ട്

69(3500) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് കിഫ്ബി ധനസഹായത്തോടെ അടിസ്ഥാനസൗകര്യ വികസനത്തിനായി തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

കിഫ്ബി ധനാനുമതി നൽകിയ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ സ്കൂൾ പദ്ധതികളും ധനാനുമതിയുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly